# പതിനാലാം കേരള നിയമസഭ

## പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത

നിയമസഭാ ചോദ്യം നം. 5830 | 28.03.2018-ൽ മറുപടിയ്ക്ക്

സർക്കാർ ആയുർവേദ നഴ്സുമാരുടെ ജോലി സമയം

| ചോദ്യം<br>ശ്രീ. മഞ്ഞളാംകുഴി അലി | | ഉത്തരം<br>ശ്രീമതി കെ.കെ. ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി) | |
|---|---|---|---|
| (എ) | സർക്കാർ ആയുർവേദ നഴ്സുമാർ അലോപ്പതി നഴ്സുമാർക്ക് അനുവദിച്ചിട്ടുള്ള ജോലിസമയ ത്തേക്കാൾ കൂടുതൽ സമയം ജോലി ചെയ്യേണ്ടി വരുന്ന സാഹചര്യം നിലവിലുണ്ടോ; | (എ) | നിലവിലുണ്ട്. |
| (ബി) | പല സർക്കാർ ആയുർവേദ ആശുപത്രികളിലും 12 മണിക്കൂറിൽ കൂടുതൽ സമയം ഇവർക്ക് ജോലി ചെയ്യേണ്ടി വരുന്നുണ്ടെന്ന പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഭാരതീയ ചികിത്സാ വകുപ്പിൽ മുപ്പതോ അതിലധികമോ കിടക്കകളുള്ള ആശുപത്രികളിൽ മൂന്ന് ഷിഫ്റ്റ് സമ്പ്രദായം നടപ്പിലാക്കിയിട്ടുണ്ട്.<br>ഒന്നാം ഷിഫ്റ്റ് (7 AM–1 PM)<br>രണ്ടാം ഷിഫ്റ്റ് (1 PM–7 PM)<br>മൂന്നാം ഷിഫ്റ്റ് (7 PM–7 AM)<br>മുപ്പതിൽ കുറവ് കിടക്കകളുള്ള ആശുപത്രികളിൽ നിലവിലെ സ്റ്റാഫ് പാറ്റേൺ അനുസരിച്ച് ഷിഫ്റ്റ് സമ്പ്രദായം നടപ്പിലാക്കാൻ കഴിയില്ല. |
| സി) | ഇവരുടെ അവധി ദിനങ്ങൾ ആരോഗ്യവകുപ്പിലെ നഴ്സുമാരെ അപേക്ഷിച്ച് കുറവാണെന്നും ഇതുമൂലം വളരെയേറെ ബുദ്ധിമുട്ടനുഭവിക്കേണ്ടി വരുന്നുണ്ടെന്നുമുള്ള പരാതികൾ നിലവിലുണ്ടോ; | (സി) | നിലവിലുണ്ട്. |
| (ഡി) | എങ്കിൽ ഇവരുടെ ജോലിസമയം സംബന്ധിച്ചും അവധി വ്യവസ്ഥ സംബന്ധിച്ചും സമാനസ്വഭാവമുള്ള മറ്റ് തസ്തികയിലെ ജീവനക്കാരുടെ സേവന വേതന വ്യവസ്ഥകളുമായി താരതമ്യം ചെയ്ത് പരാതികൾ പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ? | (ഡി) | പരിശോധിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ